പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - 248

06.10.2016-ൽ മറുപടിയ്ക്ക്

## തീരദേശ ഹൈവേ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.വി.ആർ. സുനിൽ കുമാർ<br>ശ്രീ. എൽദോ എബ്രഹാം | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹന ബാഹുല്യവും നിലവിലെ റോഡുകളുടെ അപര്യാപ്തതകളും കണക്കിലെടുത്ത് തീര ദേശ ഹൈവേ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;<br><br>(ബി) നിലവിൽ പല സ്ഥലങ്ങളിലും തീരദേശ ഹൈവേയുടെ വീതി അനുവദനീയ മായതിലും കുറവാണെന്നത് പരിശോധിച്ചി ട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) & (ബി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹന ബാഹുല്യവും നിലവിലെ റോഡുകളുടെ അപര്യാപ്തതകളും കണക്കിലെടുത്ത് തീര ദേശ പാത വികസിപ്പിക്കുന്നതിനായുള്ള പഠനം നടത്തുന്നതിന് NATPAC-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം മുതൽ വൈപ്പിൻ വരെയും, വെങ്ങളം മുതൽ മഞ്ചേശ്വരം വരെയുമുള്ള തീരദേശപാതയുമായി ബന്ധപ്പെട്ട് NATPAC നടത്തി വരുന്ന പഠനത്തിനു ശേഷം മാത്രമേ റോഡിന്റെ വീതി സംബന്ധിച്ച വിഷയത്തിൽ അന്തിമ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. ഏതായാലും പലയിടങ്ങളിലും വീതി കൂട്ടേണ്ടിവരും. |
| (സി) തീരദേശ മേഖലയിലുണ്ടാകുന്ന പുരോഗതി യും വിനോദസഞ്ചാര മേഖലയ്ക്ക് ലഭ്യമാകുന്ന ഉണർവും കണക്കിലെടുത്ത് തീരദേശപാതയുടെ നിർമ്മാണം പൂർത്തീ കരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) തീരദേശ മേഖലയിലുണ്ടാകുന്ന പുരോഗതി യും മറ്റും കണക്കിലെടുത്ത് പ്രസ്തുത ഹൈവേ നടപ്പിലാക്കുന്നതിന്റെ ഭാഗമായി എറണാകുളം ജില്ലയിലെ വൈപ്പിൻ തുടങ്ങി കോഴിക്കോട് ജില്ലയിലെ വെങ്ങളം വരെയുള്ള ഏകദേശം 209 കി.മീ. പാത, ഭാരത സർക്കാരിന്റെ ഭാരതമാല പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഈ പാത വൈപ്പിൻ - മുനമ്പം - അഴിക്കോട് - ചുരിക്കുഴി - പൊന്നാനി അഴിമുഖം - |

ഈശ്വരമംഗലം - ചീരാൻ കടപ്പുറം - കോഴിക്കോട് ബീച്ച് റോഡ് വഴി വെങ്ങളത്ത് അവസാനിക്കും. ഇതിന്റെ ഭാഗമായി വരുന്ന പൊന്നാനി മുതൽ കോഴിക്കോട് വരെയുള്ള 56.49 കി.മീ. ദൈർഘ്യം വരുന്ന ടിപ്പു സുൽത്താൻ റോഡ് വീതികൂട്ടി വികസിപ്പിക്കുന്നതിനായി 1326 കോടി രൂപയുടെ എസ്റ്റിമേറ്റിൽ ആശാൻപടി മുതൽ ചീരാൻ കടപ്പുറം വരെയുള്ള 9.4 കി.മീ. വികസിപ്പിക്കാൻ 117.62 കോടി രൂപയ്ക്ക് 12.03.2013-ലെ സ.ഉ. (സാധാ) നം. 348/2013/പൊ.മ.വ പ്രകാരം അനുമതി നൽകിയിട്ടുള്ളതും, ഇതിൽ ആശാൻപടി മുതൽ പറവണ്ണ വരെയുള്ള 4.5 കി.മീ പ്രവൃത്തി ആർ.ബി.ഡി.സി.കെ 2014-സെപ്റ്റം ബറിൽ പൂർത്തീകരിച്ചിട്ടുള്ളതു മാണ്.

തീരദേശ ഹൈവേ എത്രയും വേഗം നടപ്പിലാക്കുന്നതിനും, അതിന്റെ സുഗമ മായ പ്രവർത്തനങ്ങൾക്കുമായി ദേശീയ പാത വിഭാഗം ചീഫ് എഞ്ചിനീയറെ കൺ വീനറും, പൊതുമരാമത്ത് വകുപ്പ് അഡീ ഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനു മായി ഒരു കമ്മറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ പുരോഗമിച്ചു വരുന്നു. പുതിയ സർക്കാരിന് മുൻഗണനാ പ്രാധാന്യവുമുള്ള പദ്ധതിയാണിത്.

സെക്ഷൻ ഓഫീസർ